**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1063** **12-06-2024 - ൽ മറുപടിയ്ക്ക്**

**പാറയിൽ വി.സി.ബി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽപ്പെട്ട പാറയിൽ വി.സി.ബി.യ്ക്ക് ചോർച്ചയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>തിരൂരങ്ങാടി എം.എൽ.എയുടെ നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട സിവിൽ, മെക്കാനിക്കൽ ഉദ്യോഗസ്ഥർ പ്രസ്തുത സൈറ്റിൽ സംയുക്ത പരിശോധന നടത്തി FRP ഷട്ടറിനു പകരം സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനം കൈകൊണ്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ചോർച്ച ഒഴിവാക്കുന്നതിന് നിലവിലുള്ള ഫൈബർ ഷട്ടർ മാറ്റി മെക്കാനിക്കൽ വിഭാഗം സ്ഥാപിക്കുന്ന ഇരുമ്പിന്റെ ഷട്ടർ സ്ഥാപിക്കണമെന്നുള്ള വിദഗ്ദ്ധ സംഘത്തിന്റെ ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഷട്ടറുകൾക്കിടയിലൂടെയുള്ള ചോർച്ചയ്ക്ക് ശാശ്വത പരിഹാരം എന്ന നിലയിൽ എഫ്.ആർ.പി ഷട്ടറുകൾക്ക് പകരം സ്റ്റീൽ ഷട്ടർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിന് മെക്കാനിക്കൽ വിഭാഗം സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ 60 ലക്ഷം രൂപയുടെ Rough cost എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | എങ്കിൽ ഫൈബർ ഷട്ടർ മാറ്റി മെക്കാനിക്കൽ വിഭാഗത്തിന്റെ ഷട്ടർ സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | മറുപടി ബി പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഫൈബർ ഷട്ടർ മാറ്റി ഇരുമ്പിന്റെ ഷട്ടർ സ്ഥാപിക്കണമെന്ന വിദഗ്ദ്ധ സമിതിയുടെ ശിപാർശ പ്രകാരമുള്ള ഫയൽ സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ ഫയൽ നമ്പർ സഹിതം വിശദമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത ഫയൽ നിലവിൽ ഏത് ഓഫീസിലാണ് ഉള്ളതെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ? | (ഡി) | മറുപടി ബി പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ